## സൂറഃ-8

# അൽ അൻഫാൽ

وَإِن تَوَلَّوْا فَاعْلَمُوا أَنَّ اللَّهَ مَوْلَاكُمْ ۚ نِعْمَ الْمَوْلَىٰ وَنِعْمَ
النَّصِيرُ ٤٠
وَاعْلَمُوا أَنَّمَا غَنِمْتُم مِّن شَيْءٍ فَأَنَّ لِلَّهِ خُمُسَهُ وَلِلرَّسُولِ وَلِذِي الْقُرْبَىٰ
وَالْيَتَامَىٰ وَالْمَسَاكِينِ وَابْنِ السَّبِيلِ إِن كُنتُمْ آمَنتُم بِاللَّهِ وَمَا أَنزَلْنَا
عَلَىٰ عَبْدِنَا يَوْمَ الْفُرْقَانِ يَوْمَ الْتَقَى الْجَمْعَانِ ۗ وَاللَّهُ عَلَىٰ كُلِّ شَيْءٍ قَدِيرٌ
٤١

**40.** ഈ സന്ദേശത്തിൽനിന്ന് അവർ പിന്തിരിയുകയാണെങ്കിൽ നിങ്ങൾ അറിഞ്ഞിരിക്കുവിൻ, അല്ലാഹുവാണ് നിങ്ങളുടെ രക്ഷകൻ. എത്ര നല്ല രക്ഷകൻ! എത്ര നല്ല സഹായി!

**41.** അറിഞ്ഞിരിക്കുവിൻ, നിങ്ങൾ കരസ്ഥമാക്കിയ യുദ്ധമുതൽ എന്തായാലും അതിന്റെ അഞ്ചിലൊന്ന് അല്ലാഹുവിനും അവന്റെ ദൂതന്നും ബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും സഞ്ചാരികൾക്കും ഉള്ളതാകുന്നു. അല്ലാഹുവിലും നിർണായക ദിവസം, അതായത് ഇരുസംഘങ്ങൾ ഏറ്റുമുട്ടിയ ദിവസം, നമ്മുടെ ദാസന് നാം ഇറക്കിക്കൊടുത്തതിലും നിങ്ങൾ വിശ്വസിക്കുന്നുണ്ടെങ്കിൽ ഈ വിതരണത്തിൽ സംതൃപ്തരാകുവിൻ. അല്ലാഹു സകല കാര്യത്തിനും കഴിവുള്ളവനാണല്ലോ.

وَإِن تَوَلَّوْا = (ഈ സന്ദേശത്തിൽനിന്ന്)അവർ പിന്തിരിയുകയാണെങ്കിൽ فَاعْلَمُوا = അപ്പോൾ നിങ്ങൾ അറിഞ്ഞിരിക്കുവിൻ
أَنَّ اللَّهَ = നിശ്ചയമായും അല്ലാഹു مَوْلَاكُمْ = നിങ്ങളുടെ രക്ഷകനാകുന്നു نِعْمَ الْمَوْلَىٰ = എത്രനല്ല രക്ഷകൻ
وَنِعْمَ النَّصِيرُ = എത്ര നല്ല സഹായി وَاعْلَمُوا = നിങ്ങൾ അറിയുവിൻ أَنَّمَا غَنِمْتُم = നിങ്ങൾ കരസ്ഥമാക്കിയ യുദ്ധമുതൽ
مِّن شَيْءٍ = (എന്താവട്ടെ) വസ്തുവിൽനിന്ന് فَأَنَّ لِلَّهِ = അല്ലാഹുവിന്നുള്ളതാകുന്നു خُمُسَهُ = അതിന്റെ അഞ്ചിലൊന്ന്
وَلِلرَّسُولِ = (അവന്റെ) ദൂതന്നും ഉള്ളതാകുന്നു وَلِذِي الْقُرْبَىٰ = ബന്ധുക്കൾക്കും ഉള്ളതാകുന്നു وَالْيَتَامَىٰ = അനാഥർക്കും (ഉള്ളതാകുന്നു)
وَالْمَسَاكِينِ = അഗതികൾക്കും (ഉള്ളതാകുന്നു) وَابْنِ السَّبِيلِ = സഞ്ചാരികൾക്കും (ഉള്ളതാകുന്നു)
إِن كُنتُمْ آمَنتُم = നിങ്ങൾ വിശ്വസിക്കുന്നുണ്ടെങ്കിൽ بِاللَّهِ = അല്ലാഹുവിൽ وَمَا أَنزَلْنَا = നാം ഇറക്കിയ(ക്കൊടുത്ത)തിലും
عَلَىٰ عَبْدِنَا = നമ്മുടെ ദാസന്ന് يَوْمَ الْفُرْقَانِ = സത്യവും അസത്യവും വേർതിരിഞ്ഞ(നിർണായക)ദിവസം
يَوْمَ الْتَقَى = (അതായത്) ഏറ്റുമുട്ടിയ ദിവസം الْجَمْعَانِ = രണ്ടുസംഘം وَاللَّهُ عَلَىٰ كُلِّ شَيْءٍ = അല്ലാഹു സകല കാര്യത്തിനും
قَدِيرٌ = കഴിവുള്ളവനല്ലോ

**40:** ശത്രുക്കൾ അവരുടെ ശത്രുതയിലും സത്യവിരുദ്ധമായ ആചാരവിശ്വാസങ്ങളിലും ഉറച്ചുനിൽക്കുകയും വിശ്വാസികൾക്കെതിരെയുള്ള ആക്രമണത്തിൽനിന്നു പിന്തിരിയാൻ വിസമ്മതിക്കുകയുമാണെങ്കിൽ നിങ്ങൾ ഭയപ്പെടേണ്ട. നിങ്ങളെ സഹാ

യിക്കാനും സംരക്ഷിക്കാനുമുള്ള ബാധ്യത അല്ലാഹു ഏറ്റെടുത്തിരിക്കുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള രക്ഷയെയും സഹായത്തെയും മറികടക്കാൻ ലോകത്തൊരു ശക്തിക്കുമാവില്ല. എന്നാൽ അല്ലാഹുവിന്റെ സഹായവും സംരക്ഷണവും രണ്ടു സംഗതികളെ ആശ്രയിച്ചിരിക്കുന്നു. യുദ്ധത്തിനാവശ്യമായ ഭൗതികോപാധികളുടെ സമാഹരണവും ജിഹാദിനുള്ള ആത്മവീര്യവുമാണത്. ഭൗതികോപാധികളെക്കുറിച്ച് വരുന്ന 60-ാം സൂക്തത്തിൽ ഇങ്ങനെ ഉണർത്തുന്നുണ്ട്. وَأَعِدُّوا لَهُم مَّا اسْتَطَعْتُم مِّن قُوَّةٍ (ശത്രുക്കളെ നേരിടാൻ നിങ്ങൾ കഴിയുന്നത്ര ശക്തി സംഭരിക്കുക). കഴിവിൽ പെട്ടതെല്ലാം പരമാവധി സജ്ജീകരിച്ച ശേഷം കുറവുള്ളത് അല്ലാഹു പരിഹരിച്ചുതരും. കഴിവിൽപെട്ട ഒരുക്കങ്ങൾ പോലും ചെയ്യാതെ, അല്ലാഹുവിന്റെ സഹായത്തിൽമാത്രം വിശ്വാസമർപ്പിച്ച് പടക്കുപോയാൽ പരാജയമായിരിക്കും ഫലം. മനോവീര്യത്തെക്കുറിച്ച് അല്ലാഹു പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُوا إِن تَنصُرُوا اللَّهَ يَنصُرْكُمْ وَيُثَبِّتْ أَقْدَامَكُمْ ﴿٧﴾

(സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ സഹായിക്കുകയാണെങ്കിൽ അവൻ നിങ്ങളെയും സഹായിക്കും. നിങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു നിർത്തുകയും ചെയ്യും – 47:7).

**41:** ഈ സൂറഃയുടെ പ്രഥമ സൂക്തത്തിൽ أنفال എന്ന പദത്തിൽ പരാമർശിച്ച യുദ്ധാർജിതമുതൽ തന്നെയാണ് ഇവിടെ غنيمة എന്ന പദത്തിൽ പരാമർശിച്ചിരിക്കുന്നത്. നേട്ടം, സമ്മാനം, പകരം നൽകാതെ ലഭിച്ച ലാഭം എന്നൊക്കെയാണ് غنيمة–ന്റെ ഭാഷാർഥം. അതിന്റെ ഭൂതകാല പുല്ലിംഗ ബഹുവചനക്രിയാരൂപമാണ് غنمتم. ശരീഅത്തിന്റെ സാങ്കേതിക ഭാഷയിൽ യുദ്ധവേളയിൽ മുസ്‌ലിംകൾ ശത്രുക്കളിൽനിന്ന് പിടിച്ചെടുക്കുന്ന വസ്തുവഹകളാണ് غنيمة. യുദ്ധാർജിത സമ്പത്തിന് فيئ എന്നും പറയും. ശത്രുക്കൾ അടിയറവെക്കുന്നതോ ഇട്ടെറിഞ്ഞുപോകുന്നതോ ആയ സ്ഥാവരസ്വത്തുക്കളെക്കുറിക്കാനാണ് فيئ എന്നപദം സാധാരണ ഉപയോഗിക്കാറുള്ളത്.

പ്രഥമ സൂക്തത്തിൽ أنفال എന്നു പറഞ്ഞതിൽ എല്ലാതരം യുദ്ധാർജിത മുതലുകളും ഉൾപ്പെടുന്നതാണ്. ഇവിടെ غنيمة കൊണ്ട് ഉദ്ദേശ്യം സാങ്കേതികാർഥത്തിലുള്ള, അതായത് ശത്രുക്കളുമായുള്ള ഏറ്റുമുട്ടലിന്നിടയിൽ അവരിൽനിന്ന് പിടിച്ചെടുത്ത മുതലുകളാണ്. എല്ലാതരം യുദ്ധമുതലുകളും അല്ലാഹുവിന്നും റസൂലിന്നും ഉടമപ്പെട്ടതാണെന്ന അടിസ്ഥാന തത്വമാണ് ഒന്നാം സൂക്തത്തിൽ അവതരിപ്പിച്ചത്. അല്ലാഹുവിന്നും റസൂലിന്നും ഉടമപ്പെട്ടതെന്നാൽ തത്വത്തിൽ അല്ലാഹുവിന്നും പ്രയോഗത്തിൽ റസൂലിന്നും അഥവാ ഇസ്‌ലാമിക സ്റ്റേറ്റിനും ഉടമപ്പെട്ടതാണെന്നാണ് അർഥം. ഇവിടെ പ്രസ്താവിക്കുന്നത് സ്റ്റേറ്റ് അതു വിതരണം ചെയ്യേണ്ട ക്രമമാണ്. മൊത്തം സമ്പത്തിന്റെ 20 ശതമാനം അല്ലാഹുവിന്നും റസൂലിന്നും നീക്കിവെക്കണം എന്നുപറയുമ്പോൾ ബാക്കി 80 ശതമാനം പടയാളികൾക്ക് വിതരണം ചെയ്യണമെന്ന് അനുക്തസിദ്ധമാകുന്നു. നീക്കിവെക്കുന്ന 20 ശതമാനം റസൂലിന്നും കുടുംബത്തിന്നും അനാഥർക്കും അഗതികൾക്കും സഞ്ചാരികൾക്കുമായി വീതിക്കണം. ബാക്കി 80 ശതമാനം ഒരു കാലാൾപടയാളിക്ക് ഒരുവിഹിതവും കുതിരപ്പടയാളിക്ക് രണ്ട് വിഹിതവും എന്ന ക്രമത്തിലാണ് വീതിക്കേണ്ടതെന്ന് ഹദീസുകളിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

നീക്കിവെക്കപ്പെടുന്ന 20 ശതമാനത്തിൽ അല്ലാഹുവിന്നും റസൂലിന്നും ഉള്ളത് ഒരു വിഹിതംതന്നെയാണെന്നാണ് പണ്ഡിതന്മാരുടെ പൊതുവായ അഭിപ്രായം. 'അല്ലാഹുവിന്റെയും റസൂലിന്റെയും ഓഹരിയെ അല്ലാഹു ഒറ്റ ഓഹരിയാക്കിയിരിക്കുന്നു' എന്ന് ഇബ്നു അബ്ബാസ്(റ) പ്രസ്താവിച്ചതായി ത്വബ്റാനിയും ഇബ്നു ജരീറും ഉദ്ധരിച്ചിട്ടുണ്ട്. ആ വിഹിതത്തിൽനിന്ന് പ്രവാചകന്റെ വ്യക്തിപരമായ ആവശ്യങ്ങൾക്കും ചെലവഴിക്കാം. ദീനിയായ ആവശ്യങ്ങൾക്കും ചെലവഴിക്കാം. നബി(സ) ഈ വിഹിതത്തിൽനിന്നെടുത്ത് കഅ്ബയുടെ പരിപാലനത്തിന് ചെലവഴിച്ചിരുന്നതായി നിവേദനങ്ങളുണ്ട്. റസൂലിന്റെ ബന്ധുജനങ്ങൾക്കുവേണ്ടിയുള്ളതാണ് മറ്റൊരു വിഹിതം. ذِي الْقُرْبَىٰ എന്നുപറഞ്ഞതിൽ പ്രവാചകൻ നിർബന്ധമായി ജീവനാംശം നൽകേണ്ട ഭാര്യമാർക്കും മക്കൾക്കും പുറമെ ഹാശിം-മുത്വലിബ് കുടുംബത്തിലെ എല്ലാവരും ഉൾപ്പെടുമെന്നാണ് പൂർവ പണ്ഡിതന്മാർ പറഞ്ഞിട്ടുള്ളത്. ذِي الْقُرْبَىٰ-യുടെ വിഹിതവും റസൂലിന്റെ വിഹിതവും കുതിരകൾ, ആയുധങ്ങൾ തുടങ്ങിയ യുദ്ധസജ്ജീകരണങ്ങൾക്കായി ചെലവഴിച്ചുവെന്നും ഇബ്നു അബ്ബാസിൽനിന്ന് മുകളിലുദ്ധരിച്ച നിവേദനത്തിൽ പറയുന്നുണ്ട്. അലി(റ)യുടെ പൗത്രൻ ഹസനുബ്നു മുഹമ്മദിൽനിന്ന് അബ്ദുർറസ്സാഖ് *അൽ മുസ്വന്നഫി*ലും ഇബ്നു ജരീറും ഇബ്നുൽ മുൻദിറും ഖൈസുബ്നു മുസ്‌ലിമുൽ ജദലി മുഖേന ഉദ്ധരിച്ച ഒരു നിവേദനത്തിൽ പറയുന്നു: 'ഞാൻ ഹസനുബ്നു മുഹമ്മദിനോട് ..... وَاعْلَمُوا أَنَّمَا غَنِمْتُم എന്ന സൂക്തത്തെക്കുറിച്ചന്വേഷിച്ചു. അദ്ദേഹം പറഞ്ഞു. ഇത് ദൈവിക വചനത്തിന്റെ താക്കോലാണ്. ഇഹലോകവും പരലോകവും അല്ലാഹുവിന്റേതു തന്നെ. റസൂലിന്നും ബന്ധുജനങ്ങൾക്കുമുള്ള വിഹിതത്തിന്റെ കാര്യത്തിൽ റസൂലിനുശേഷം തർക്കമുണ്ടായി. ചിലർ പറഞ്ഞു: ബന്ധുജനങ്ങളുടെ വിഹിതം നിലവിലുള്ള ഖലീഫയുടെ ബന്ധുജനങ്ങൾക്കു നൽകണം. എന്നാൽ സ്വഹാബത്തിന്റെ (പ്രവാചകന്റെ സഖാക്കളുടെ) ഏകകണ്ഠമായ തീരുമാനം ആ രണ്ടു വിഹിതവും സൈനിക വികസനത്തിൽ വിനിയോഗിക്കണമെന്നായിരുന്നു. അബൂബക്ർ(റ)ന്റെയും ഉമർ(റ)ന്റെയും ഖിലാഫത്തിൽ അങ്ങനെയാണ് നടന്നുവന്നത്.' അനാഥർ - يَتَامَىٰ - പിതാവ് മരണപ്പെട്ടതുമൂലം അനാഥരായിത്തീരുന്ന കുട്ടികളാണ്. നാലാമത്തേത് അഗതികൾ -مَسَاكِين- ജീവിതാവശ്യങ്ങൾ പൂർത്തീകരിക്കാൻ വേണ്ട വിഭവശേഷയില്ലാത്തവരാണ് ഉദ്ദേശ്യം. ابْنِ السَّبِيلِ-ന്റെ ഭാഷാർഥം വഴിയുടെ പുത്രൻ എന്നാണ്. പരസഹായവും സംരക്ഷണവും ആവശ്യമുള്ള സഞ്ചാരികൾ, പരദേശികൾ, അഭയാർഥികൾ തുടങ്ങിയവരെല്ലാം ابْنِ السَّبِيلِ-ൽ ഉൾപ്പെടുന്നു. ഈ മൂന്നു വിഭാഗത്തിന്റെ വിഹിതങ്ങൾ അവർക്കു തന്നെ കൊടുക്കണം എന്നതിൽ തർക്കമില്ല.

ഇതാണ് യുദ്ധമുതലിന്ന് അല്ലാഹു നിശ്ചയിച്ച വിതരണക്രമം. അല്ലാഹുവിലും ബദ്ർ വിജയത്തിന് അവൻ നൽകിയ സഹായത്തിലും വിശ്വസിക്കുന്നവർ അവൻ പ്രഖ്യാപിച്ച വിഹിതം സന്മനസ്സോടെ സ്വീകരിക്കേണ്ടതുണ്ട് എന്നാണ് തുടർന്ന് പറയുന്നത്. അല്ലാഹുവിനെ അനുസ്മരിപ്പിക്കുകയും അവന്റെ സൂക്തങ്ങൾ കേൾക്കുകയും ചെയ്യുമ്പോൾ ഹൃദയം പ്രകമ്പിതമാവുകയും ഈമാൻ വർധിക്കുകയും ചെയ്യുന്നവർ മാത്രമാണ് യഥാർഥ സത്യവിശ്വാസികളെന്ന് ഈ സൂറഃയുടെ രണ്ടാം സൂക്തത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. وَمَا أَنزَلْنَا عَلَىٰ عَبْدِنَا (നാം നമ്മുടെ ദൂതന്ന് ഇറക്കിക്കൊടുത്തത്) എന്നതിന്റെ വിവക്ഷ, യുദ്ധവിജയത്തിനുവേണ്ടി നബിക്കും അനുചരന്മാർക്കും അല്ലാഹു ഇറക്കിക്കൊടുത്തതായി മുൻ സൂക്തങ്ങളിൽ പരാമർശിച്ച മഴ, മനസ്സമാധാനം, മലക്കുകളുടെ സഹായം തുടങ്ങിയവയും അടുത്ത സൂക്തങ്ങളിൽ പറയാൻ

പോകുന്ന കാര്യങ്ങളുമാണ്.

ബദ്ർ ദിനത്തെ ഈ സൂക്തം നിർണായക ദിവസം (يَوْمَ ٱلْفُرْقَانِ) എന്നു വിശേഷിപ്പിച്ചിരിക്കുന്നു. സത്യാസത്യവിവേചകം, ഉരകല്ല് എന്നെല്ലാമാണ് فرقان-ന്റെ അർഥം. ബദ്റിനെ ഇങ്ങനെ വിശേഷിപ്പിച്ചതിന്റെ കാരണമിതാണ്: മുസ്‌ലിംകളും സത്യനിഷേധികളും തമ്മിൽ സാമൂഹിക തലത്തിൽ ഏറ്റുമുട്ടിയ ഒന്നാമത്തെ സന്ദർഭമാണ് ബദ്ർ. ഖുറൈശികൾതന്നെ ഈ സംഘട്ടനത്തെ ഒരു ഉരകല്ലായി കണ്ടിരുന്നു. അതിൽ ജയിക്കുന്നവർ സത്യത്തിന്റെ വാഹകരും തോൽക്കുന്നവർ അസത്യത്തിന്റെ വൈതാളികരുമായിരിക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ടാണവർ യുദ്ധത്തിനു പുറപ്പെട്ടത്. ബദ്ർ സംഭവത്തെ നിഷ്പക്ഷമായി വീക്ഷിക്കുന്ന, ഉൾക്കാഴ്ചയുള്ള ആർക്കും നിഷ്പ്രയാസം കണ്ടെത്താവുന്നതാണ്, ഈ സംഘട്ടനത്തിൽ അല്ലാഹു- അവന്റെ സഹായം- ആരോടൊപ്പമായിരുന്നു എന്നകാര്യം. ആ നിലക്കും ഈ സംഭവം നിർണായകമാകുന്നു. സംഘട്ടനത്തിൽ മുസ്‌ലിംകൾക്കു ലഭിച്ച ദൈവസഹായം അനുസ്മരിപ്പിക്കുന്നതും യുദ്ധമുതലുകളുടെ വിതരണത്തിൽ അല്ലാഹു നിശ്ചയിച്ച ക്രമം നിസ്സങ്കോചം അംഗീകരിക്കണമെന്ന ആശയത്തെ ദൃഢീകരിക്കുന്നതിനുവേണ്ടിയാണ്. അതായത്, ഈ മുതലുകൾ നിങ്ങളുടെ സ്വന്തം സാമർഥ്യം കൊണ്ട് നേടിയതാണെന്ന് ഭ്രമിക്കേണ്ട. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അവന്റെ പ്രവർത്തനത്താൽ അവന്റെ പ്രവാചകൻ മുഖേന ലഭിച്ചതാണ് നിങ്ങൾക്ക് ഈ വിജയം. യുദ്ധവിജയത്തിലുള്ള പ്രവാചകന്റെ പ്രാധാന്യം ഉയർത്തിക്കാട്ടാനാണ് وماأنزلنا عليكم (നാം നിങ്ങൾക്ക് ഇറക്കിത്തന്നത്) എന്നുപറയുന്നതിനുപകരം وَمَآ أَنزَلْنَا عَلَىٰ عَبْدِنَا (നാം നമ്മുടെ ദാസന്ന് ഇറക്കിത്തന്നത്) എന്നു പറഞ്ഞത്. പ്രവാചകനും അദ്ദേഹത്തിന്റെ പ്രബോധനവും അല്ലാഹു അദ്ദേഹത്തിന് ഇറക്കിക്കൊടുത്ത അദൃശ്യമായ ശക്തി സഹായങ്ങളും ഇല്ലായിരുന്നുവെങ്കിൽ നിങ്ങൾക്ക് ഇങ്ങനെയൊരു വിജയം സ്വപ്നത്തിൽപോലും സാധ്യമാകുമായിരുന്നില്ല. അല്ലാഹുവാണ് എല്ലാറ്റിനും കഴിവുള്ളവൻ. ആരുടെയും ആശ്രയം വേണ്ടാത്തവൻ. അവന്റെ പ്രവാചകൻ നിരാലംബനല്ല. നിങ്ങളാരും പിന്തുണച്ചില്ലെങ്കിലും അല്ലാഹു എപ്പോൾ വേണമെങ്കിലും അദ്ദേഹത്തെ സഹായിക്കാൻ അദൃശ്യമായ സൈന്യത്തെ അയച്ചുകൊടുക്കും.

യുദ്ധമുതലുകളിൽ 20 ശതമാനം സർക്കാർ വിഹിതമായി നീക്കി ബാക്കി 80 ശതമാനം പടയാളികൾക്കിടയിൽ കാലാളിനും അശ്വഭടനും 1:2 എന്ന അനുപാതത്തിൽ വിതരണം ചെയ്യണമെന്നാണ് ഈ സൂക്തത്തിന്റെ താൽപര്യം എന്ന കാര്യത്തിൽ കർമശാസ്ത്ര പണ്ഡിതന്മാർ ഏകാഭിപ്രായക്കാരാണ്. എങ്കിലും ഈ രണ്ടു വിഹിതത്തിന്റെയും കൈകാര്യത്തിൽ പൂർവികർക്കിടയിൽ നിരവധി അഭിപ്രായവ്യത്യാസങ്ങളുണ്ട്. പ്രവാചക കുടുംബത്തിന്റെ -ذِى ٱلْقُرْبَىٰ- വിഹിതം സംബന്ധിച്ചാണ് ഒരു ഭിന്നത. പ്രവാചകന്റെ കാലശേഷം ഈ വിഹിതം അപ്പോഴത്തെ ഇമാമിന്റെ വിഹിതമായി മാറും എന്നാണ് ഒരഭിപ്രായം. അതായത് 20 ശതമാനത്തിൽനിന്ന് ഭരണാധികാരിക്കും കുടുംബത്തിനും ആവശ്യമായത് എടുക്കാം. ആദ്യകാലത്ത് ഖലീഫമാർക്ക് വേതനം നിശ്ചയിച്ചിരുന്നില്ല. ആ നിലക്ക് ഈ അഭിപ്രായം ഏറെ പ്രസക്തമാകുന്നു. എന്നാൽ വ്യവസ്ഥാപിത വേതനത്തിനു വിധേയരായ അധികാരികൾ ഇതിൽനിന്നൊഴിവാകുന്നു. അത്തരം സാഹചര്യങ്ങളിൽ റസൂലിന്റെ വിഹിതം പൊതു ഖജനാവിൽ മുതൽകൂട്ടുന്നതായിരിക്കും. നബികുടുംബത്തിന് നബിക്കുശേഷം വിഹിതമില്ല. ഇതാണ് കൂട്ടത്തിൽ ഏറ്റവും പ്രബലവും യുക്തിസഹവുമായിട്ടുള്ളത്. ഖലീഫ ഉമർ(റ) ذِى ٱلْقُرْبَىٰ -യുടെ വിഹിതം റദ്ദാക്കിയതായി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. ഇബ്നു അബ്ബാസിൽനിന്നും ഹസനുബ്നു മുഹമ്മദിൽനിന്നും ഉദ്ധരിച്ച പ്രസ്താവനകളും ഈ വീക്ഷണത്തെ സാധൂകരിക്കുന്നു. ഇമാം അബൂഹനീഫ പ്രസ്താവിച്ചു: 'റസൂലിന്റെ വിഹിതം റസൂലിന്റെ മരണത്തോടെ ദുർബലപ്പെട്ടു. ذِى ٱلْقُرْبَىٰ-യുടെ ബന്ധുജനത്തിന്റെ വിഹിതവും അപ്രകാരം തന്നെ. അവരിൽ ദരിദ്രരുണ്ടെങ്കിൽ കൊടുക്കാം. സമ്പന്നർക്ക് കൊടുക്കേണ്ടതില്ല.' എന്നാൽ നബികുടുംബത്തിന്റെ വിഹിതത്തിന് എക്കാലത്തും പ്രാബല്യമുണ്ടെന്നാണ് മറ്റൊരഭിപ്രായം. ഈ അഭിപ്രായക്കാർക്കിടയിൽ 'നബികുടുംബം' ആരാണ് എന്ന കാര്യത്തിൽ പിന്നെയും ഭിന്നിപ്പുണ്ട്. ഹാശിം ഗോത്രമാണെന്ന് ഒരു കൂട്ടർ. ഖുറൈശികൾ മുഴുവനുമാണെന്ന് മറ്റൊരു കൂട്ടർ. അഹ്‌ലു ബൈത്ത് -പ്രവാചക കുടുംബം- സകാത്ത് വാങ്ങുന്നത് നിഷിദ്ധമാക്കിയിട്ടുണ്ടല്ലോ. അതിനു പകരമാണ് യുദ്ധാർജിത മുതലിലെ വിഹിതം എന്നാണ് നബിയുടെ ബന്ധുജനങ്ങൾക്ക് ഏതുകാലത്തും യുദ്ധമുതലിൽ അവകാശമുണ്ട് എന്ന വാദത്തിന് ന്യായമായി ചൂണ്ടിക്കാണിക്കുന്നത്. ഒരു നിഗമനം എന്നതിൽകവിഞ്ഞ തെളിവൊന്നും അതിനില്ല. സകാത്തുപോലെ സ്ഥിരമായ വരുമാനമല്ല യുദ്ധമുതൽ. സ്ഥിരമായ വരുമാനം നിഷേധിച്ചതിന് യാദൃഛികമായി വല്ലപ്പോഴും ഉണ്ടാകാവുന്ന വരുമാനം പകരമാവുകയില്ല.

വിതരണം ചെയ്യപ്പെടേണ്ട യുദ്ധമുതലിൽ ഒരു പടയാളി താൻ വധിച്ച ശത്രുഭടന്റെ ശരീരത്തിൽനിന്ന് എടുക്കുന്ന വസ്തുക്കൾ (ഇതിന് സലബ് എന്നുപറയും) ഉൾപ്പെടുമോ എന്നതാണ് ഇനിയൊരഭിപ്രായ വ്യത്യാസം. അത്തരം വസ്തുക്കളും യുദ്ധമുതലിൽ ചേർത്തു വീതിക്കണമെന്ന് ഒരു കൂട്ടർ. കൊല്ലപ്പെട്ട ശത്രുവിൽനിന്ന് കൊന്ന ഭടന് ലഭിക്കുന്നത് വിതരണം ചെയ്യപ്പെടുന്ന മുതലിൽ ചേർക്കാതെ അയാൾക്ക് സ്വന്തമാക്കാമെന്ന് മറ്റൊരു കൂട്ടർ. യുദ്ധത്തിൽ കിട്ടിയതെല്ലാം തന്റെ മുമ്പിൽ ഹാജരാക്കണമെന്ന് ഒരു യുദ്ധത്തിനുശേഷം നബി(സ) സൈനികരോട് കൽപിച്ചതാണ് ആദ്യവീക്ഷണത്തിനു തെളിവ്. ആരെങ്കിലും ഒരു ശത്രുവിനെ വധിച്ചാൽ അയാളിൽനിന്ന് കിട്ടുന്നതെല്ലാം ആ ഘാതകന് എടുക്കാം എന്ന് നബി(സ) ഹുനൈൻ യുദ്ധവേളയിൽ പ്രസ്താവിച്ചു എന്ന നിവേദനമാണ് രണ്ടാമത്തെ കൂട്ടർക്ക് തെളിവ്. ഖാലിദുബ്നുൽ വലീദ് പ്രസ്താവിച്ചതായി അബൂദാവൂദ് ഉദ്ധരിക്കുന്നു: 'നബി(സ) സലബ് ഘാതകന് വിധിച്ചിരിക്കുന്നു. സലബിൽനിന്ന് തിരുമേനി അഞ്ചിലൊന്ന് എടുത്തിട്ടില്ല.' ഇമാം ശാഫിഈ സലബ് വീതിക്കേണ്ടതില്ല എന്ന നിയമത്തിന് ആധാരമാക്കിയിട്ടുള്ളത് ഈ നിവേദനത്തെയാണ്. ചില പ്രത്യേക സാഹചര്യങ്ങളിൽ ഭടന്മാർക്ക് ഇങ്ങനെയൊരു പ്രത്യേകാനുകൂല്യം നൽകാവുന്നതാണെന്നും അതൊരു സാധാരണ നിയമമല്ലെന്നും ചില പണ്ഡിതന്മാർ വാദിക്കുന്നു. ഹുനൈൻ യുദ്ധത്തിന്റെ സവിശേഷ പശ്ചാത്തലം പരിഗണിക്കുമ്പോൾ ഈ അഭിപ്രായമാണ് കൂടുതൽ യുക്തമായിട്ടുള്ളത്. സലബിൽ എന്തെല്ലാം ഉൾപ്പെടും എന്ന കാര്യത്തിലുമുണ്ട് തർക്കം. പടയാളിയുടെ ആയുധവും മറ്റു യുദ്ധോപകരണങ്ങളും മാത്രമാണ് സലബ് എന്നാണൊരഭിപ്രായം. കുതിരപോലുള്ള വാഹനം ഉൾപ്പെടുകയില്ല. പോക്കറ്റിൽനിന്ന് എടുക്കുന്ന നാണയങ്ങളും മറ്റും വീതിക്കപ്പെടേണ്ട യുദ്ധമുതലാണെന്നതിൽ തർക്കമില്ല. പടയാളി ധരിച്ച ആഡംബരവസ്തുക്കൾ സലബിൽ പെടില്ലെന്ന് ഒരുപക്ഷം പറയുന്നു. ഇമാം ഔസാഈയുടെ വീക്ഷണത്തിൽ അതും സലബാണ്.

യുദ്ധത്തിൽ പിടിച്ചെടുക്കപ്പെടുന്ന കെട്ടിടങ്ങൾ, ഭൂമി തുടങ്ങിയ സ്ഥാവരവസ്തുക്കൾ പടയാളികൾക്ക് വീതിച്ചുകൊടു

ക്കേണ്ട യുദ്ധമുതലുകളിൽ غنيمة-ൽ പെടുമോ എന്നതാണ് മറ്റൊരു തർക്കം. പെടും എന്നാണ് ഒരഭിപ്രായം. നബി(സ) ഖൈബർ ഭൂമി വിതരണം ചെയ്തത് ഈയടിസ്ഥാനത്തിലാണ്. എന്നാൽ ഉമർ(റ)ന്റെ കാലത്ത് ഇറാഖ് പ്രദേശങ്ങളിൽനിന്ന് പിടിച്ചെടുക്കപ്പെട്ട കൃഷിഭൂമികൾ ഇങ്ങനെ വിതരണം ചെയ്യുകയുണ്ടായില്ല. അദ്ദേഹം അത് പൊതുസ്വത്തായി പ്രഖ്യാപിക്കുകയാണുണ്ടായത്. അന്നുണ്ടായിരുന്ന പ്രവാചക ശിഷ്യന്മാരെല്ലാം ആ നടപടിയെ അംഗീകരിക്കുകയും ചെയ്തു. ഈ സംഭവത്തെ ആധാരമാക്കി സ്ഥാവര സ്വത്തുക്കൾ غنيمة ആയി വീതിക്കേണ്ടതില്ലെന്നാണ് മറുപക്ഷം വാദിക്കുന്നത്. ഇമാം ശാഫിഈയുടെ വീക്ഷണത്തിൽ യുദ്ധത്തിൽ പിടിച്ചെടുക്കപ്പെടുന്ന ഭൂമിയുൾപ്പെടെയുള്ള എല്ലാ മുതലുകളും പടയാളികൾക്ക് വീതിക്കണം. ഭൂമിയുടെ കാര്യത്തിൽ സർക്കാറിന് യുക്തമെന്നു തോന്നുന്ന നിലപാട് സ്വീകരിക്കാമെന്ന് ഇമാം അബൂഹനീഫ പറയുന്നു. വേണമെങ്കിൽ ഭടന്മാർക്ക് വീതിച്ചു കൊടുക്കാം. അല്ലെങ്കിൽ പൊതുസ്വത്താക്കി നിലനിർത്താം.

ഉമർ(റ) ശരീഅത്തിന്റെ മൗലിക തത്വത്തെ സാഹചര്യങ്ങളുടെ സവിശേഷതയുമായി കൂട്ടിയിണക്കി പ്രയോഗവൽക്കരിക്കുകയായിരുന്നു. അടിസ്ഥാന തത്വം യുദ്ധമുതലുകളൊക്കെയും അല്ലാഹുവിന്റേതും റസൂലിന്റേതും ഇസ്‌ലാമിക സ്റ്റേറ്റിന്റേതുമാകുന്നു. قل الأنفال لله وللرّسول എന്നതാണ്. സ്റ്റേറ്റ് ഈ സമ്പത്ത് വിതരണം ചെയ്യേണ്ട ഒരു പ്രായോഗിക രൂപമാണ് ഈ സൂക്തം അവതരിപ്പിച്ചത്. 'യുദ്ധമുതലുകൾ അല്ലാഹുവിന്റേതും റസൂലിന്റേതുമാകുന്നു' എന്ന വാക്യത്തെ കുറിച്ചാണ് ഹസനുബ്നു മുഹമ്മദ് 'هٰذا مفتاح كلام الله لله الدنيا والأخرة' – 'ഇത് ദൈവവചനത്തിന്റെ താക്കോലാണ്. ഇഹലോകവും പരലോകവും അല്ലാഹുവിന്റേതാകുന്നു' എന്നു പറഞ്ഞത്. യുദ്ധമുതലിന്റെ തന്നെ ഒരിനമായ ഫൈഇ(فيئ)നെ പരാമർശിച്ചുകൊണ്ട് സൂറഃ *അൽ ഹശ്ർ* 7-10 സൂക്തങ്ങളിൽ ഖുർആൻ സുപ്രധാനമായ മറ്റൊരു തത്വവും പ്രസ്താവിച്ചിട്ടുണ്ട്:

مَّآ أَفَآءَ ٱللَّهُ عَلَىٰ رَسُولِهِۦ مِنْ أَهْلِ ٱلْقُرَىٰ فَلِلَّهِ وَلِلرَّسُولِ وَلِذِى ٱلْقُرْبَىٰ وَٱلْيَتَـٰمَىٰ وَٱلْمَسَـٰكِينِ وَٱبْنِ ٱلسَّبِيلِ كَىْ لَا يَكُونَ دُولَةًۢ بَيْنَ ٱلْأَغْنِيَآءِ مِنكُمْ

لِلْفُقَرَآءِ ٱلْمُهَـٰجِرِينَ ........... وَٱلَّذِينَ تَبَوَّءُو ٱلدَّارَ وَٱلْإِيمَـٰنَ مِن قَبْلِهِمْ ...........

وَٱلَّذِينَ جَآءُو مِنۢ بَعْدِهِمْ

"അല്ലാഹു നഗരവാസികളിൽനിന്ന് അവന്റെ ദൂതനിലേക്ക് മടക്കിയിട്ടുള്ള സമ്പത്ത് അല്ലാഹുവിന്നും അവന്റെ ദൂതന്നുമുള്ളതാകുന്നു. പിന്നെ ബന്ധുജനങ്ങൾക്കും അഗതികൾക്കും സഞ്ചാരികൾക്കും. ധനം നിങ്ങളിൽ സമ്പന്നന്മാരിൽ മാത്രം കറങ്ങാതിരിക്കേണ്ടതിന്നാണിത്........ പിന്നെ നിർധനരായ മുഹാജിറുകൾക്കും...... മുഹാജിറുകൾക്കുവേണ്ടി നേരത്തെ തന്നെ വിശ്വാസോചിതമായ താമസസൗകര്യം ഒരുക്കിയ അൻസ്വാറുകൾക്കും..... പിന്നെ ഈ മുൻനിരക്കാർക്കു ശേഷം വന്നെത്തിയവർക്കും ഉള്ളതാകുന്നു.' ശത്രുക്കളിൽനിന്ന് യുദ്ധം കൂടാതെ ലഭിക്കുന്ന സ്വത്തുക്കളിൽ സർക്കാറിനും മുസ്‌ലിം സമൂഹത്തിലെ എല്ലാവിഭാഗങ്ങൾക്കും അവകാശമുണ്ടെന്നും സമ്പത്ത് ധനികരിൽമാത്രം കറങ്ങാതെ പൊതുസമൂഹത്തിൽ വ്യാപരിക്കുന്നതിന് ഈ വിതരണ ക്രമം ആവശ്യമാണെന്നുമാണ് ഈ സൂക്തങ്ങൾ പറയുന്നത്. യുദ്ധമുതലിന്റെ അടിസ്ഥാനപരമായ ഉടമസ്ഥത അല്ലാഹുവിന്നാണെന്ന തത്വത്തെയും അതിന്റെ വിതരണത്തിൽ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും പങ്കാളികളാക്കണമെന്ന തത്വത്തെയും സമന്വയിപ്പിച്ചു വീക്ഷിക്കുമ്പോൾ, യുദ്ധക്കളത്തിൽനിന്നു ലഭിക്കുന്ന ജംഗമ വസ്തുക്കളെ *അൻഫാലി*ലെ സൂക്തത്തിന്റെ നിയമത്തിനു വിധേയമാക്കുകയും സ്ഥാവര സ്വത്തുക്കൾ പടയാളികൾക്കു മാത്രമായി വീതിക്കാതെ പൊതുസ്വത്താക്കുകയും ചെയ്ത ഉമർ(റ)ന്റെ നടപടി ഖുർആനിക തത്വങ്ങളുടെ തന്നെ ഏറ്റം ശരിയായ പ്രയോഗവൽക്കരണമായിരുന്നുവെന്ന് കാണാം. അതുകൊണ്ടുതന്നെയാണ് മറ്റു പ്രവാചക ശിഷ്യന്മാർ അതിനെ അംഗീകരിച്ചത്. ഭൂസ്വത്ത് യുദ്ധമുതലായി വീതിക്കാതിരുന്നതിനെക്കുറിച്ച് ഉമർ(റ) നടത്തിയ പ്രഖ്യാപനവും ശ്രദ്ധേയമാണ്: لولا آخر النّاس ما فتحت قرية الاقسمتها كما قسم رسل اللّه ﷺ خيبر 'വേറെയും ആളുകളില്ലായിരുന്നുവെങ്കിൽ ഞാൻ മോചിപ്പിച്ച ഒറ്റനാടും, നബി(സ) ഖൈബർ ഭൂമി വീതിച്ചതുപോലെ വീതിച്ചു കൊടുക്കാതിരിക്കുമായിരുന്നില്ല.' പ്രവാചകന്റെ നടപടി (سنّة)യിൽനിന്ന് തികച്ചും വ്യത്യസ്തമാണ് തന്റെ നടപടിയെന്ന് തനിക്ക് നന്നായറിയാമെന്നും, ഇസ്‌ലാം ഉദ്ദേശിക്കുന്ന പൊതുക്ഷേമത്തിന് ആവശ്യമാണെന്ന് ബോധ്യപ്പെട്ടതുകൊണ്ടാണ് താൻ ആ വ്യത്യസ്ത നടപടി സ്വീകരിച്ചതെന്നും ഈ പ്രസ്താവന വ്യക്തമാക്കുന്നുണ്ട്. ഇസ്‌ലാമിക ശരീഅത്തിനെ കാലോചിതമായി നടപ്പിലാക്കുന്നതെങ്ങനെ എന്നതിന്റെ മഹത്തായ ഒരുദാഹരണം കൂടിയാണിത്.

ഈ മാതൃക പരിഗണിക്കുമ്പോൾ പ്രകൃത സൂക്തത്തിൽ പറയുന്ന യുദ്ധമുതലിന്റെ വിതരണക്രമം അപൂർവ സന്ദർഭങ്ങളിലേ ഇക്കാലത്ത് പ്രസക്തമാകൂ. പ്രവാചകന്റെയും ആദ്യ ഖലീഫമാരുടെയും കാലത്ത് പടയാളികൾക്ക് വേതനമൊന്നുമുണ്ടായിരുന്നില്ല. ആയുധവും വാഹനവുമൊക്കെ സ്വയം സജ്ജീകരിക്കേണ്ടിയിരുന്നു. യുദ്ധത്തിലൂടെ ലഭ്യമാകുന്ന സമ്പത്തുമാത്രമായിരുന്നു അവരുടെ വരുമാനം. ഇക്കാലത്തെ പട്ടാളക്കാർക്ക് അവരുടെ സർക്കാറുകൾ മെച്ചപ്പെട്ട വേതനം നൽകുന്നുണ്ട്. ആയുധങ്ങളും വാഹനങ്ങളും മാത്രമല്ല കാലിലിടാൻ ഷൂവരെ സർക്കാർ നൽകുന്നു. യുദ്ധം ഉണ്ടായില്ലെങ്കിലും സൈനികർക്ക് വേതനവും മറ്റാനുകൂല്യങ്ങളും ലഭിച്ചുകൊണ്ടിരിക്കും. അതിനാൽ അവർ യുദ്ധത്തിലൂടെ നേടുന്നതെല്ലാം അല്ലാഹുവിന്റേത് -അഥവാ പൊതുസമൂഹത്തിന്റേതാണ്. വേതനവും മറ്റാനുകൂല്യങ്ങളുമില്ലാതെ, അല്ലാഹുവിന്റെ പ്രീതിമാത്രം ലക്ഷ്യമാക്കി അവന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്ന സന്നദ്ധസൈനികരേ യുദ്ധാർജിത സമ്പത്തിന് അവകാശികളാകുന്നുള്ളൂ. ഈ അവകാശത്തിൽ തന്നെ സാഹചര്യം ആവശ്യപ്പെട്ട് നീക്കുപോക്കുകളാകാവുന്നതാണ്. നബി(സ) ചിലപ്പോൾ യുദ്ധത്തിൽനിന്ന് ലഭിച്ച എല്ലാ വസ്തുക്കളും യുദ്ധമുതലായി ഹാജരാക്കാൻ കൽപിച്ചിരുന്നു. ചിലപ്പോൾ ഒരു പടയാളി നിഗ്രഹിക്കുന്ന ശത്രുവിന്റെ ശരീരത്തിൽനിന്ന് കിട്ടുന്നതൊക്കെ സ്വന്തമാക്കിക്കൊള്ളാൻ അനുവദിച്ചു. ഹുനൈൻ യുദ്ധത്തെത്തുടർന്ന് ലഭിച്ച സമ്പത്തിൽനിന്ന് കുറെ ഗോത്രനേതാക്കൾക്ക് നൂറ് ഒട്ടകങ്ങൾ വീതം നൽകിയതായും അൻസ്വാരികളിൽ ചിലർ അതിൽ നീരസം പ്രകടിപ്പിച്ചതായും പ്രബലമായ ഹദീസുകളിൽ പറയുന്നുണ്ട്. സന്ദർഭം പരിഗണിക്കുമ്പോൾ പ്രവാചകന്റെ രാജ്യ തന്ത്രപരമായ ഒരു നടപടിയായിരുന്നു അതെന്ന് വ്യക്തമാകും. ശിഷ്യന്മാരുടെ വിമർശനത്തെക്കുറിച്ചറിഞ്ഞ പ്രവാചകൻ അതു ക്ഷമാപൂർവം അവഗണിക്കുകയായിരുന്നു. 'ആളുകൾ ആടുമാടുകളെയും കൊണ്ടു തിരിച്ചുപോകട്ടെ, നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനെയും കൊണ്ട് തിരിച്ചുപോകാമല്ലോ' എന്നു പറഞ്ഞുകൊണ്ട് തിരുമേനി അവരെ ആശ്വസിപ്പിക്കുകയും ചെയ്തു. ■